Vol-II, Issue :36
18-11-2008
Jagratha 070

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

*01. സഭയുടെ സേവനങ്ങളെ താറടിച്ചു കാട്ടുന്നു: ആർച്ച് ബിഷപ് ഡോ. അച്ചാരുപറമ്പിൽ*
*02. വനിതാ കമ്മീഷനിൽ ക്രൈസ്തവ പ്രാതിനിധ്യം വേണം : കെസിബിസി വനിതാ കമ്മീഷൻ*
*03. മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയിൽ അഭിമാനം: കർദിനാൾ സാൻദ്രി*
*04. മാധ്യമങ്ങൾ നന്മയുടെയും സത്യത്തിന്റെയും വക്താക്കളാകണം: മാർ പവ്വത്തിൽ*
*05. രാഷ്ട്രപതിക്ക് സി.എൽ.സി പതിനായിരം കത്തുകൾ അയയ്ക്കുന്നു*
*06. ഹൃദയങ്ങളിൽ വിശുദ്ധിയുള്ളിടത്ത് സമാധാനം: ഡോ. അബ്ദുൾ കലാം*
*07. മദ്യനയം തിരുത്തണം: മദ്യവിരുദ്ധസമിതി*
*08. പരിമിതികൾക്കുള്ളിൽ നിന്നും മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും നമുക്കാവണം- ക്ലീമിസ് കാതോലിക്കബാവ*
*09. ചരിത്രത്തെ വിസ്മരിക്കുന്നത് നന്ദികേട്: മാർ പോൾ ചിറ്റിലപ്പിള്ളി*

### 01. സഭയുടെ സേവനങ്ങളെ താറടിച്ചു കാട്ടുന്നു: ആർച്ച് ബിഷപ് ഡോ.അച്ചാരുപറമ്പിൽ (14-11-2008)

കേരളത്തിലെ സാമൂഹിക ഉന്നമനത്തിനായി വിദ്യാഭ്യാസ സാമൂഹിക ആതുരശുശ്രൂഷാ മേഖലകളിൽ സഭ നടത്തുന്ന സേവനങ്ങളെ താറടിച്ചു കാണിക്കുവാനുള്ള കൂട്ടായ ശ്രമം നടക്കുന്നുണ്ടെന്നു കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡന്റും വരാപ്പുഴ ആർച്ച് ബിഷപ്പുമായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ. നന്മയും സേവനവും ലക്ഷ്യംവച്ചുകൊണ്ട് സഭ നടത്തുന്ന പ്രവർത്തനങ്ങളെ ചെറുതാക്കി കാണിക്കാനുള്ള ശ്രമങ്ങളെ ആർച്ച് ബിഷപ് ഡോ.അച്ചാരുപറമ്പിൽ അപലപിച്ചു. കെ.സി.ബി. സി. കമ്മീഷൻ സെക്രട്ടറിമാരുടെ ദ്വിദിനസമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു ആർച്ച് ബിഷപ്പ്. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ കൊച്ചിയിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ രണ്ടു ദിവസമായി നടന്നുവന്ന സമ്മേളനത്തിൽ കെ.സി. ബി.സി കമ്മീഷൻ സെക്രട്ടറിമാരുടെ കടമയും ദൗത്യവും എന്ന വിഷയത്തെക്കുറിച്ച് കെ.സി.ബി.സി വൈസ് പ്രസിഡന്റും മാവേലിക്കര ബിഷപ്പുമായ ജോഷ്വാ മാർ ഇഗ്നാത്തിയോസും കേരളത്തിലെ ഇപ്പോഴത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസക്തി എന്ന വിഷയത്തെക്കുറിച്ചു കെ.സി.ബി.സി സെക്രട്ടറിയും തൃശൂർ ആർച്ച് ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്തും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പതിനെട്ട് കമ്മീഷനുകളുടെ സെക്രട്ടറിമാരും പത്ത് ഡിപ്പാർട്ടുമെന്റുകളുടെ ഡയറക്ടർമാരും പങ്കെടുത്ത ദ്വിദിനസമ്മേളനത്തിൽ കെ.സി.ബി.സി കമ്മീഷനുകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസം നടക്കാൻ പോകുന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനത്തിൽ സമർപ്പിക്കേണ്ട നിർദേശങ്ങൾക്ക് സെക്രട്ടറിമാരുടെ സമ്മേളനം അന്തിമരൂപം നൽകി.

### 02. വനിതാ കമ്മീഷനിൽ ക്രൈസ്തവ പ്രാതിനിധ്യം വേണം: കെസിബിസി വനിതാ കമ്മീഷൻ (12-11-2008)

സംസ്ഥാന വനിതാ കമ്മീഷനിൽ ക്രൈസ്തവ വനിതകളുടെ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും ഒറീസയിൽ കന്യാസ്ത്രീകൾക്കും നേരെയുണ്ടായ അതിക്രമം സിബിസിഐ അന്വേഷിക്കണമെന്നും കെസിബിസി വനിതാ കമ്മീഷൻ അദ്ധ്യക്ഷൻ ബിഷപ് മാർ ആനിക്കുഴിക്കാട്ടിൽ അഭിപ്രായപ്പെട്ടു.

കെസിബിസി വനിതാ കമ്മീഷൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിമൻസ് കമ്മീഷൻ സെക്രട്ടറി ബീന സെബാസ്റ്റ്യൻ, റോസക്കുട്ടി ഏബ്രഹാം, ആശ മറിയ പോൾ എന്നിവർ പ്രസംഗിച്ചു.

## 03. മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയിൽ അഭിമാനം: കർദിനാൾ സാൻദ്രി (11-10-2008)

മലങ്കര കത്തോലിക്കാസഭയുടെ അഭിമാനകരമായ വളർച്ചയിലും, കൂട്ടായ്മയിലും ആഗോള കത്തോലിക്കാസഭയും മാർപാപ്പയും ആഹ്ളാദിക്കുന്നുവെന്ന് പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ കർദിനാൾ ലെയോനാർഡോ സാൻദ്രി. മാർപാപ്പയുടെ പ്രതിനിധിയായി മലങ്കരസഭാ സന്ദർശനത്തിനെത്തിയ കർദിനാൾ സാൻദ്രി, മലങ്കരസഭയുടെ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, മലങ്കരസഭയിലെ മെത്രാപ്പോലീത്തമാരായ തോമസ് മാർ കൂറിലോസ്, ഗീവർഗിസ് മാർ തിമോത്തി യോസ്, ഗീവർഗിസ് മാർ ദിവന്ന്യാസിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, എബ്രാഹം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ് എന്നിവർക്കും സഭയിലെ കോർ എപ്പിസ്കോപ്പമാർ, റമ്പാന്മാർ, മോൺസിഞ്ഞോർമാർ, 101 വൈദികർ എന്നിവർക്കൊപ്പം അർപ്പിച്ച ദിവ്യബലി മധ്യേ നടത്തിയ പ്രസംഗത്തിലാണ് മലങ്കരസഭയുടെ വളർച്ചയിലുള്ള ആഗോളസഭയുടെ അഭിമാനവും സന്തോഷവും പങ്കുവച്ചത്.

ദൈവജനമേ ആഹ്ലാദിക്കുക, ആർപ്പു വിളിക്കുക എന്നിങ്ങനെ സങ്കീർത്തകനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു തുടങ്ങിയ കർദിനാൾ അതിങ്ങനെ ഭേദപ്പെടുത്തിപ്പറഞ്ഞു: മലങ്കരസഭയേ ആഹ്ലാദിക്കുക. യേശുവാകുന്ന മുന്തിരിച്ചെടിയോടു ചേർന്നുനിൽക്കുന്ന ശാഖയാണ് മലങ്കരസഭ. തായ്ത്തണ്ടോടു ചേർന്നുനിൽക്കുന്നതുകൊണ്ട് വലിയ ഫലങ്ങൾ പുറപ്പെടുവിപ്പിക്കുന്നു. ഐക്യത്തിനുവേണ്ടിയുള്ള നാഥന്റെ ആഹ്വാനം സാക്ഷാത്കരിക്കാൻ ദൈവദാസനായ മാർ ഈവാനിയോസിനും സഹപ്രവർത്തകർക്കും ഏറെ ക്ലേശിക്കേണ്ടി വന്നു. യേശുവിന്റെ ആഹ്വാനങ്ങൾ നടപ്പാക്കാണമെങ്കിൽ വെല്ലുവിളികൾ നേരിടാൻ നമുക്കാവണം.1930ലെ പുനരൈക്യത്തിനുശേഷം സഭയ്ക്കു നേതൃത്വം നൽകിയ മാർ ഈവാനിയോസ്, മാർ ഗ്രിഗോറിയോസ്, മാർ ബസേലിയോസ് തിരുമേനിമാരെയും ഇപ്പോഴത്തെ കാതോലിക്കാബാവ മാർ ബസേലിയോസ് ക്ലീമിസിനെയും കർദിനാൾ പ്രശംസിച്ചു. മാർപാപ്പയോട് ക്ലീമീസ് ബാവ പുലർത്തുന്ന വിധേയത്വത്തെ അദ്ദേഹം പ്രശംസിച്ചു. അൽഫോൻസാമ്മയുടെ നാമകരണനടപടികളുടെ ഭാഗമായി ഭരണങ്ങാനത്തു നടന്ന ചടങ്ങുകളിൽ സംബന്ധിക്കുന്നതിന് എത്തിയ കർദിനാൾ മലങ്കരസഭ സന്ദർശിക്കാൻ സമയം കണ്ടെത്തിയത് സഭയോടുള്ള സ്നേഹത്തിന്റെ അടയാളമാണെന്ന് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച മേജർ ആർച്ചു ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പറഞ്ഞു.

1930-ൽ അഞ്ചു വിശ്വാസികളുമായി ആരംഭിച്ച മലങ്കരസഭയിൽ ഇന്ന് അഞ്ചുലക്ഷം വിശ്വാസികളുണ്ട്. ആറു രൂപതകളുണ്ട്. 1932-ൽ സ്ഥാപിതമായ മലങ്കര ഹയരാർക്കി 2005-ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സൂനഹദോസായി. പരിശുദ്ധ സിംഹാസനത്തിന്റെ താത്പര്യവും സഹായവുമാണ് ഈ വളർച്ചയുടെ പിന്നിലെ യഥാർത്ഥ ശക്തി. പരിശുദ്ധ പിതാവിനോട് മലങ്കരമക്കൾക്കുള്ള പുത്രസഹജമായ സ്നേഹവും, നിരുപാധികമായുള്ള അനുസരണയും, പ്രാർത്ഥനാനിർഭരമനായ പിന്തുണയും കാതോലിക്കബാവ തുറന്നു പ്രഖ്യാപിക്കുകയും ഇക്കാര്യം പാപ്പായെ അറിയിക്കണമെന്ന് കർദിനാളിനോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഐക്യത്തിനുള്ള യേശുവിന്റെ വിളിക്കു നൽകുന്ന പ്രത്യുത്തരത്തിന്റെ വിജയമാണ് മലങ്കരസഭയെന്ന് സ്വാഗത പ്രസംഗത്തിൽ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത പറഞ്ഞു. 700 വൈദികരുടെയും 2000 സന്യാസിനികളുടെയും പ്രതിനിധിയായി കർദിനാളിനെ അഭിനന്ദിച്ച മോൺ. എൽദോ പുത്തൻപറമ്പിൽ സഭയ്ക്കു പാത്രിയാർക്കൽ പദവി നൽകണമെന്ന് നിർദേശിച്ചു. അല്മായരുടെ പ്രതിനിധിയായി സംസാരിച്ച ജോൺ മത്തായി, വിദേശങ്ങളിലെ മലങ്കര വിശ്വാസികൾക്കു പാരമ്പര്യമനുസരിച്ചുള്ള ആരാധനക്രമങ്ങൾ പാലിക്കുവാൻ വേണ്ട കാനോനിക ക്രമീകരണങ്ങൾ ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചു.

**04. മാധ്യമങ്ങൾ നന്മയുടെയും സത്യത്തിന്റെയും വക്താക്കളാകണം: മാർ പവ്വത്തിൽ (10-11-2008)**

മാധ്യമങ്ങൾ നന്മയുടെയും സത്യത്തിന്റെയും സംവാഹകരാകണമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ചങ്ങനാശേരി മീഡിയാ വില്ലേജിന്റെ ഉദ്ഘാടനത്തിനു മുന്നോടിയായി സംഘടിപ്പിച്ച മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമൂഹ നിർമിതിക്കായി മാധ്യമങ്ങൾ പ്രവർത്തിക്കണം. സത്യസന്ധത, നീതി, ധർമം, സമാധാനം എന്നിവയാണ് ജനം ആഗ്രഹിക്കുന്നത്. ആ തലത്തിൽ സമൂഹത്തെ നയിക്കാൻ മാധ്യമങ്ങൾ മുൻകൈയെടുക്കണം - മാർ പവ്വത്തിൽ അഭിപ്രായപ്പെട്ടു രാവിലെ ഫോട്ടോ ഗ്രാഫിക് ആനിമേഷൻ പ്രദർശനങ്ങൾ മെംബർ ഓഫ് ബ്രിട്ടീഷ് എംബയർ എലൈൻ ക്രേവൻ ഉദ്ഘാടനംചെയ്തു. ഭാവനകളും ജീവിത യാഥാർഥ്യങ്ങളും സമന്വയിക്കുന്ന ഫോട്ടോഗ്രഫി, ആനിമേഷൻ രംഗങ്ങൾ മനുഷ്യചേതനയെ ഉണർത്തുമെന്നും അത് ജീവിതത്തിന്റെ അഭിഭാജ്യ ഘടകങ്ങളാണെന്നും എലൈൻ ക്രേവൻ പറഞ്ഞു.

**05. രാഷ്ട്രപതിക്ക് സി.എൽ.സി പതിനായിരം കത്തുകൾ അയയ്ക്കുന്നു (08-11.-2008)**

ഒറീസയിലെ കണ്ഡമാലിൽ കന്യസ്ത്രീ മാനഭംഗത്തിനിരയായതിനെക്കുറിച്ച് സി.ബി.ഐ അന്വേഷണം നടത്താൻ രാഷ്ട്രപതി ഇടപെടണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സി.എൽ.സിയുടെ നേതൃത്വത്തിൽ പതിനായിരം കത്തുകൾ രാഷ്ട്രപതിക്ക് അയയ്ക്കും.

പൊലീസിന്റെ സാന്നിധ്യത്തിലും സഹകരണത്തിലുമാണ് മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ച സന്യാസിനി മാനഭംഗം നടന്നത്. അതേ പോലീസിനെ അന്വേഷണ ചുമതല ഏൽപ്പിച്ചാൽ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താനാവില്ല. സംസ്ഥാന സർക്കാരിന്റെ ഇതുവരെയുള്ള അന്വേഷണങ്ങൾ വെറും പ്രഹസനങ്ങൾ മാത്രമായിരുന്നു. ഹിന്ദുത്വവാദികളുടെ ദയാശൂന്യമായ അക്രമണത്തിനിരയായ ആയിരങ്ങൾ അഭയകേന്ദ്രങ്ങളിൽ കഴിയുമ്പോഴും ആക്രമിക്കപ്പെടുകയാണ്. അഭയകേന്ദ്രങ്ങളെപ്പോലും സംരക്ഷിക്കുവാൻ സംസ്ഥാന പോലീസിനു കഴിയാതെ പോയതിനാലാണ് പട്ടാളം അവിടെ തുടരുവാൻ സുപ്രീം കോടതി ഉത്തരവിട്ടത്. അക്രമങ്ങൾക്കെതിരെ പ്രതികരിക്കുവാനും മതേതരത്വ ന്യൂനപക്ഷ സംരക്ഷണവും ഉറപ്പു വരുത്തുവാനും സാംസ്കാരിക നായകരും രാജ്യസ്നേഹികളും മുന്നോട്ടു വരണമെന്ന് സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

**06. ഹൃദയങ്ങളിൽ വിശുദ്ധിയുള്ളിടത്ത് സമാധാനം: ഡോ. അബ്ദുൾ കലാം (10-11-2008)**

എവിടെ ഹൃദയത്തിൽ വിശുദ്ധിയുണ്ടോ അവിടെ സൗന്ദര്യമുണ്ട്. എവിടെ സൗന്ദര്യമുണ്ടോ അവിടെ സന്തോഷമുണ്ട്. ആ കുടുംബങ്ങളിൽ ഐക്യമുണ്ട്. എവിടെ കുടുംബത്തിൽ ഐക്യമുണ്ടോ ആ മനസുകളിൽ സമാധാനമുണ്ട്. കുടുംബങ്ങളിൽ സമാധാനമുണ്ടെങ്കിൽ ലോകത്തിൽ സമാധാനമുണ്ടാകും. ഭരണങ്ങാനത്ത് തിങ്ങിനിറഞ്ഞ പതിനായിരങ്ങളുടെ ഹൃദയങ്ങളെ കീഴടക്കിയ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾ കലാമിന്റെ പ്രഭാഷണം അവസാനിച്ചത് കവിത പോലെ വശ്യമായ ഈ വാചകങ്ങളോടെയായിരുന്നു. ഈ വാചകങ്ങളോരോന്നും ഡോ. കലാം ജനങ്ങളെ ഏറ്റു ചൊല്ലിച്ചതോടെ സമ്മേളനത്തിൽ ഹർഷാരവം മുഴങ്ങി. ശുദ്ധമലയാളത്തിൽ ഭരണങ്ങാനത്തെ എല്ലാ ജനങ്ങൾക്കും എന്റെ നന്ദി. വിശുദ്ധ അൽഫോൻസാ പിറന്ന പുണ്യഭൂമിയിൽ എത്താൻ സാധിച്ചതിൽ ഞാൻ ദൈവത്തിന് നന്ദി പറയുന്നു എന്നു പറഞ്ഞു കൊണ്ടാണ് ഡോ. കലാം പ്രസംഗം തുടങ്ങിയത്. തികഞ്ഞ അൽഫോൻസാമ്മ ഭക്തനായി, പുണ്യകന്യകയുടെ ജീവചരിത്രം അപ്പാടെ മന:പാഠമാക്കിയശേഷം എഴുതി തയാറാക്കി യ കുറിപ്പുകൾ നോക്കിയായിരുന്നു ഡോ. കലാം ഏറെ വശ്യമായ പതിനഞ്ചുമിനിറ്റ് പ്രസംഗം നിർവഹിച്ചത്. ഡൽഹിയിൽ നിന്നു കൊച്ചിയിലേക്കുള്ള മൂന്നുമണിക്കൂർ യാത്രാമധ്യേ വിമാനത്തിലിരുന്ന് അൽഫോൻസാമ്മയെക്കുറിച്ചു അൽഫോൻസാ ഭക്തരായ ജനലക്ഷങ്ങൾക്കു വേണ്ടി എഴുതിയ കവിതയും അദ്ദേഹം പ്രസംഗത്തിൽ ചൊല്ലിക്കേൾപ്പിച്ചു. കുരിശുമരണത്തിനുശേഷമാണ്ക്രിസ്തുവിന്റെ ഉത്ഥാനമുണ്ടായത്. അൽഫോൻസാമ്മ മരണത്തിനുശേഷമാണ് അനുഗ്രഹങ്ങളുടെ പെരുമഴയുമായി ജനകോടികളെ കീഴടക്കിയത്. വിവാഹിതർക്ക് വിവാഹമോതിരമുണ്ട്. എന്നാൽ, കന്യാസ്ത്രീകൾക്ക് വിവാഹമോതിരമില്ല. പക്ഷേ അൽഫോൻസാമ്മയുടെ വിരലുകളിൽ ഒരു മോതിരം ഞാൻ കാണുന്നു. അത് സഹനത്തിന്റെ മോതിരമായിരുന്നു. ഹർഷാരവങ്ങൾക്കിടയിൽ ഡോ. കലാം അഭിപ്രായപ്പെട്ടു.

**07. മദ്യനയം തിരുത്തണം: മദ്യവിരുദ്ധസമിതി (12-11-2008)**

മാവേലി സ്റ്റോറിനേക്കാൾ കൂടുതൽ വിദേശ മദ്യശാല തുടങ്ങാൻ അനുവാദം കൊടുക്കുന്ന സർക്കാർ നയം തിരുത്തണമെന്നും എവിടെയും ബാർ തുടങ്ങാം എന്ന സ്ഥിതിക്കു മാറ്റം വരുത്തണമെന്നും കേരള പ്രദേശ് മദ്യവിരുദ്ധസമിതി സംസ്ഥാന കമ്മിറ്റിയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. കേരളത്തിലെ ജനങ്ങളിൽ മദ്യാസക്തി വർധിപ്പിക്കാൻ കാരണം മദ്യനയം ഉദാരമാക്കിയതാണെന്നു യോഗം ചൂണ്ടിക്കാട്ടി. മദ്യ ഉപഭോഗം പ്രോത്സാഹിപ്പിക്കുകയും മറുവശത്ത് ഇതിനെതിരേ സർക്കാർ ചെലവിൽ ബോധവത്കരണം നടത്തുന്നതു വിരോധാഭാസമാണെന്നും യോഗം വിലയിരുത്തി. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദോഷവശങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനായി ഒരു പീരിയഡ് നീക്കിവയ്ക്കാൻ സംസ്ഥാന വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റിക്കു നിർദേശം നൽകുക, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കണക്കിലെടുത്ത് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ലഹരിവിരുദ്ധ സെന്ററുകളും കൗൺസിലിംഗ് കേന്ദ്രങ്ങളും ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങളും സമിതി ഉന്നയിച്ചു.

**08. പരിമിതികൾക്കുള്ളിൽ നിന്നും മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും നമുക്കാവണം : ക്ലീമിസ് കാതോലിക്കബാവ (08-11-2008)**

നമുക്ക് ജീവനും ലോകത്തിന് രൂപവും നൽകിയ ദൈവം നൽകുന്ന സംരക്ഷണം മാതാ-പിതാക്കൾക്കുപോലും നൽകാനാവില്ലെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കബാവ ഓർമിപ്പിച്ചു. പാറശാല കുടയാൽ പരിശുദ്ധ ജപമാല രാജ്ഞി മലങ്കര കത്തോലിക്ക പള്ളിയിൽ പുതുതായി പണികഴിപ്പിച്ച കുരിശടിയുടെ കൂദാശ കർമം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു കാതോലിക്ക ബാവ. പരിമിതികൾക്കുള്ളിൽ നിന്നും മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും പഠിക്കണം. സ്നേഹത്തിന്റെയും സഹനത്തിന്റെയും മാർഗമാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. ദൈവവാക്കിന്റെ വില തിരിച്ചറിഞ്ഞുവേണം നാം പ്രവർത്തിക്കാൻ. പ്രത്യാശ യും സംരക്ഷണവും നൽകുന്ന ദൈവത്തിന്റെ കരവലയത്തിൽ നാം സുരക്ഷിതരായിരിക്കുമെന്നും കാതോലിക്കബാവ വിശ്വാസികളെ ഓർമ്മിപ്പിച്ചു.

**09. ചരിത്രത്തെ വിസ്മരിക്കുന്നത് നന്ദികേട്: മാർ പോൾ ചിറ്റിലപ്പിള്ളി (05-11-2008)**

വേദനകളുടെ പഴയ ചരിത്രത്തെ വിസ്മരിച്ച് പുതിയ തലമുറ മുന്നോട്ട് പോകുന്നത് പൂർവ പിതാക്കന്മാരോടുള്ള നന്ദികേടായിരിക്കുമെന്ന് താമരശേരി രൂപത ബിഷപ് മാർ പോൾ ചിറ്റിലപ്പിള്ളി. 50 വർഷങ്ങൾക്കുമുമ്പ് തേക്കുംകുറ്റിയിലേക്ക് കുടിയേറിയ പിതാമഹന്മാർക്കു വേണ്ടി തേക്കുംകുറ്റി ഫാത്തിമ മാതാ പള്ളിയുടെ ഭാഗമായി നിർമ്മിച്ച കുടിയേറ്റ പിതാമഹ സ്മാരകം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദേഹം. വിവിധ മതവിശ്വാസികൾ തിങ്ങിപാർക്കുന്ന തേക്കുംകുറ്റിയിലെ മതസൗഹാർദം ഊട്ടിയുറപ്പിക്കുവാൻ സ്മാരകം ഉപകരിക്കണമെന്ന് ബിഷപ് ഉദ്ബോധിപ്പിച്ചു. ഇടവകയിലെ അജപാലന സന്ദർശനത്തിനെത്തിയ ബിഷപ്പിനെ വികാരി ഫാ. ചാണ്ടി കുരിശുംമൂട്ടിലും സിഎംസി സിസ്റ്റേഴ്സും പാരീഷ് കൗൺസിലും ചേർന്ന് സ്വീകരിച്ചു.സ്മാരക മന്ദിരത്തിൽ പാരീഷ് കൗൺസിൽ, സൺഡേ സ്കൂൾ, മാതൃവേദി, പിതൃവേദി, കാത്തലിക് യൂത്ത് മൂവ്മെന്റ് , വിൻസെന്റ് ഡി പോൾ സൊസൈറ്റി, ചെറുപുഷ്പ മിഷൻലീഗ് എന്നിവയുടെ ഓഫീസും ഇടവക ലൈബ്രറിയും പ്രവർത്തിക്കും. രണ്ട് ഓഡിറ്റോറിയങ്ങളും മൂന്ന് നിലകളിലായുള്ള സ്മാരക മന്ദിരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. തേക്കുംകുറ്റിയിലെ കുടിയേറ്റ ചരിത്രത്തെകുറിച്ച് പഠിക്കുന്നതിനുവേണ്ടിയുള്ള പഠന കേന്ദ്രവും ഇതോടനുബന്ധിച്ച് പ്രവർത്തിക്കും.